# ഇടവക ദൂതൻ

(Private Circulation Only)

2017 September /October | Vol. 36 | Issue: 5

തൃതീയ ജൂബിലി
1867-2017

ഗായകസംഘ ഞായർ
സെപ്റ്റംബർ 3

യുവജനഞായർ
ഒക്ടോബർ 1

THAT THEY ALL MAY BE ONE
CHURCH OF SOUTH INDIA

സി.എസ്.ഐ. സ്ഥാപകദിനം
സെപ്റ്റംബർ 27



## ST. STEPHEN'S C.S.I. CHURCH

Vicar. REV. JOSEPH THOMAS
MUNDIAPPALLY P.O., THIRUVALLA - 689 581
Phone: 0469-2693232
email : csichurchmundiappally@gmail.com Website: www.csimdply.org
Estd. 1867



St.Stephen's C.S.I Church, Mundiappally
Proposed New Parish Hall

# ഇടവകപ്പട്ടക്കാരന്റെ സന്ദേശം



ക്രിസ്തുയേശുവിൽ സ്നേഹവന്ദനം...

കർത്താവിൽ പ്രിയരേ,

എല്ലാ ആഘോഷങ്ങൾക്കു പിന്നിലും ചോര കിനിയുന്ന ചില അനുഭവങ്ങളുണ്ട്. ചിരികൾക്ക് പിന്നിൽ കരച്ചിലും മനോഹരങ്ങളായതിന്റെ പിന്നിൽ പൊലിഞ്ഞുപോയ ജീവിതങ്ങളെയും കാണാം. ഓണം ഒരു നഷ്ടകാലത്തിന്റെ ഓർമ്മയാണ്. അതിന്റെ പിന്നിൽ ഒരു രാജാവിന്റെ നഷ്ടങ്ങൾ കിടപ്പുണ്ട്. നഷ്ടങ്ങൾ പിന്നെയും പലയിടത്തും ആവർത്തിക്കുകയാണ്. ഷാജഹാൻ മുംതാസിനുവേണ്ടി പണികഴിപ്പിച്ച പ്രണയ കുടീരത്തിനു പിന്നിലും നൊമ്പരങ്ങളുണ്ട്. പണി കഴിഞ്ഞപ്പോൾ മറ്റൊന്നു ഇനി ഉണ്ടാകാതിരിക്കാൻ രാജാവ് കൊന്നൊടുക്കിയ കുറെ പണിയാളരുടെ രക്തം ഈ ലോകാത്ഭുതത്തിനു പിന്നിൽ പടരുന്നുണ്ട്. പ്രണയസാക്ഷാത്ക്കാരത്തിന്റെ മുന്നിൽ നിർന്നിമേഷരായി നിൽക്കുമ്പോൾ കുറെ കലാകാരന്മാരുടെ കലയോടുള്ള പ്രണയത്തിന്റെ സൗന്ദര്യം നാം ദർശിക്കാതെ പോകുന്നു.

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും ആഘോഷമായ ഓണം ഒരു രാജാവിനു വന്ന നഷ്ടങ്ങളുടെ ഓർമ്മയാണ്. വാനോളം ഉയർന്ന് വാമനൻ അപഹരിച്ചത് നല്ലവനായ ഒരുവന്റെ ആകാശസ്വപ്നങ്ങളും ഭൂമിയിലുള്ള അവന്റെ വേരുകളുമാണ്. രണ്ടു ചുവടുകൾകൊണ്ട് നിസാരമായി എല്ലാം അവൻ കൈവശപ്പെടുത്തി. ചുവടുകൾവച്ച് എല്ലാം കീഴ്പ്പെടുത്തുന്ന വാമനബുദ്ധി. ആനുകാലിക ലോകത്തും വളരെ പ്രസക്തമാണ് പ്രസ്തുത ചിന്ത. അപരന്റെ നന്മകൾ അപഹരിക്കുന്ന വാമനമനോഭാവം പല രൂപങ്ങളിലും ദൃശ്യമാണ്. മൂന്നു ചുവടുകൾക്കൊണ്ട് വാമനൻ അളന്നെടുത്തതൊക്കെ ഒത്തിരി കാര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നുണ്ട്. ആദ്യ ചുവടിൽ അവൻ മണ്ണ് കൈവശപ്പെടുത്തി. ഭൂമി ഒരുവൻ ചവുട്ടിനിൽക്കുന്ന ഇടം മാത്രമല്ല, എല്ലാ ബന്ധങ്ങളുടെയും ഇടമാണ്. ഭൂമി കൈവിടുക എന്നാൽ സകല സ്നേഹബന്ധങ്ങളും നഷ്ടമായി എന്നുതന്നെയാണ്. ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ രോദനം ഇപ്പോഴും പലയിടങ്ങളിലും ഉയരുന്നുണ്ട്. രണ്ടാം ചുവടിൽ ആകാശം കീഴടക്കിയപ്പോൾ അവന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും അതിലുണ്ടായിരുന്നു. എല്ലാം നഷ്ടപ്പെടുന്നവന് കണ്ണുകൾ ഉയർത്താൻ ആകാശവിതാനം മാത്രമേയുള്ളൂ. അതും കൈവിട്ടുപോകുന്ന നൊമ്പരവേളകൾ. വാമന അളവിൽ സ്വപ്നങ്ങൾ നഷ്ടമായ രാജാവ്. നാമും ആരുടെയൊക്കെയോ ചില സ്വപ്നങ്ങളെ തല്ലിക്കെടുത്തിയിട്ടില്ലേ,

സ്വപ്നങ്ങൾ പൂവണിയാൻ അവസരം നല്കാതിരുന്നിട്ടില്ലേ? ഇനിയെങ്കിലും അപരന്റെ ആകാശം അപഹരിക്കാൻ മുതിരരുത്. മൂന്നാം ചുവടിൽ ഹൃദയനന്മയാൽ തല കുനിക്കുന്ന മഹാബലി. ഭൂമിയും ആകാശവും നഷ്ടപ്പെട്ടവൻ ഇനി എന്ത് സമർപ്പിക്കാൻ സ്വന്തം തലയല്ലാതെ. എല്ലാം കവർന്നെടുത്തവന് മൂന്നിൽ നമ്രശിരസ്സുമായി നിന്നവൻ. ഇത് ക്രിസ്തുവുമായി സാമ്യപ്പെടുത്താമെന്ന തോന്നൽ.

ജനിക്കാൻ ഇടമില്ലാത്തവൻ, അന്തിയുറങ്ങാൻ മരച്ചുവടുകൾ. കൂടെ നടന്ന കൂട്ടുകാർ പാലയനം ചെയ്തു. സൗഹൃദങ്ങളുടെ വേരറ്റപ്പോൾ; ഭൂമി കൈയൊഴിഞ്ഞപ്പോൾ ആകാശത്തേക്ക് മിഴി ഉയർത്തി ചോദിച്ചു 'പിതാവേ നീയും കൈവിട്ടോ?' പിതൃമൗനം തന്നെ ഉത്തരം. ഭൂമിയും ആകാശവും നഷ്ടപ്പെട്ടവൻ, ഇതിനു മദ്ധ്യേ തൂങ്ങിക്കിടന്നവൻ, ഹൃദയനന്മയുള്ളവൻ ഉച്ചരിച്ചു "എല്ലാം പൂർത്തിയായി" എന്ന് മൊഴിഞ്ഞ് ശിരസ്സ് കുനിച്ച് ആത്മാവിനെ പിതൃകൈയിൽ സമർപ്പിച്ചു. മഹാബലിയും മൂന്നാം ചുവടിനായി ഹൃദയനന്മയുടെ ശിരസ്സ് കുനിച്ചു.

ആരുടെയും മുന്നിൽ കുനിയാത്ത നമ്മുടെ ശിരസ്സുകൾ വല്ലാതെ കനം വയ്ക്കുന്നുണ്ട് എന്ന് തിരിച്ചറിയേണം, അഹന്ത കഠിനപ്പെടുത്തുന്ന തലകൾ വിനയത്തിന്റെ, ഹൃദയനന്മയുടെ പുത്തൻ അനുഭവത്തിലേക്ക് എത്തപ്പെടട്ടെ.

ക്രൈസ്തവ സഭാചരിത്രത്തിലെ ഒരു സുപ്രധാന ദിനമായിരുന്നു 1947 സെപ്റ്റംബർ 27. ദക്ഷിണേൻഡ്യാ സഭയുടെ പിറന്നാൾ. ഭാരതീയ സാഹചര്യത്തിലും രൂപത്തിലും കൂടി സാർവ്വത്രിക സഭയുടെ അന്തഃസത്തയും ആശയങ്ങളെയും ഉൾക്കൊണ്ടു ഘടകസഭകളിലെ വിലപ്പെട്ട തത്വങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള ലയന ഫലമാണ് സി.എസ്.ഐ. സഭയുടെ 70-ാം വാർഷികം ആചരിക്കുന്ന വേളയാണ് സെപ്റ്റംബർ 27. അതുകൊണ്ട് നന്ദിയുള്ള ഹൃദയവുമായി ദൈവത്തെ നമുക്ക് മഹത്വപ്പെടുത്താം. അന്നേ ദിവസം ചെന്നൈയിൽ നടക്കുന്ന സ്തോത്ര ശുശ്രൂഷയും വിവിധ ആചരണങ്ങളുടെ അനുഗ്രഹത്തിനുമായി ഏവരും പ്രാർത്ഥിക്കണം. സെപ്റ്റംബർ 3-ാം തീയതി ഗായകസംഘ ഞായറും ഒക്ടോബർ ആദ്യ ഞായർ യുവജന ഞായറും ആചരിക്കുന്നു. ഗായകസംഘാംഗങ്ങളുടെയും യുവജനങ്ങളടെയം സജീവ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. കൂടാതെ ഓണവാര വേലയുടെ ആചരണത്തിലും ഏവരും പങ്കെടുക്കണമേ. അനുഗ്രഹീതമായ ആത്മീയജീവിതം നയിപ്പാൻ ദൈവം ഏവരെയും സഹായിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ

**ജോസഫ് അച്ചൻ**

# വാർത്തകളും കുറിപ്പുകളും

## വിവാഹം

1. ഈട്ടിക്കൽ തകിടിയിൽ സാം തോമസിന്റെയും അനിത സൂസൻ സാമിന്റെയും മകൾ ലിയാ മെറിനാ സാമും പൂവത്തൂർ സെന്റ് ജോസഫ്സ് സി.എസ്.ഐ. സഭയിൽ കയ്യാലയ്ക്കകത്ത് വള്ളവിനാലിൽ ഈശോ വർഗീസിന്റെയും ഷീലാ ഈശോയുടെയും മകൻ ജോബിൻ ഈശോ വർഗീസും

2. താഴികയിൽ സാബു ജേക്കബിന്റെയും സാലി ജേക്കബിന്റെയും മകൾ നിറ്റി എൽസാ ജേക്കബും കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ ചർച്ചിൽ ഏബ്രഹാം മാത്യൂസിന്റെയും സാറാമ്മ മാത്യൂസിന്റെയും മകൻ റോഷൻ മാത്യൂസും തമ്മിലും വിവാഹിതരായി. നവദമ്പതികൾക്ക് കുടുംബജീവിതത്തിന്റെ നന്മകൾ ആശംസിക്കുന്നു.

## ചരമം

തൊട്ടിപ്പാറയ്ക്കൽ ആൻസി കുരുവിള (54) 28-8-17ൽ നിര്യാതയായി. വേർപാടിന്റെ ദുഃഖത്തിലിരിക്കുന്ന പ്രിയപ്പെട്ടവരെ ദൈവം ആശ്വസിപ്പക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

## ചർച്ച് കമ്മറ്റി

2017-20 കാലഘട്ടത്തിലേക്കുള്ള നമ്മുടെ സഭയുടെ കമ്മറ്റിയിലേക്ക് കൈക്കാരന്മാരായി ശ്രീ. എം.സി. ഏബ്രഹാം, ശ്രീ. പി.കെ. കോശി എന്നിവരും സെക്രട്ടറിയായി ശ്രീ. വർക്കി കുരുവിളയും കമ്മറ്റിയിലേക്ക് ആശിഷ് വർഗീസ്, കുര്യൻ ചെറിയാൻ, സാബു ഏബ്രഹാം, പി.ജി. വർഗീസ്കുട്ടി, അന്നമ്മ വർഗീസ്, അന്നമ്മ കോശി, സൂസമ്മ തോമസ്, ഷിബിൻ ഏബ്രഹാം, സുനിൽ ഏബ്രഹാം എന്നിവരും മഹായിടവക കൗൺസിലിലേക്ക് ബെൻസി കെ. തോമസ്, സാം വി. ജേക്കബ്, റിജു വർക്കി തോമസ്, സാറാമ്മ ചാണ്ടി എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിക്കാൻ ദൈവം സഹാ

യിക്കട്ടെ. ഏവരുടെയും പ്രാർത്ഥനയും പ്രതീക്ഷിച്ചുകൊള്ളുന്നു.

**ഗായകസംഘ ഞായർ**

മഹായിടവക ഗായകസംഘ ഞായറായി സെപ്റ്റംബർ 3-ാം തീയതി വേർതിരിച്ചിരിക്കുന്നു. ഗായകസംഘാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നല്കുന്നതാണ്. റവ. അലക്സ് പി. ഉമ്മൻ (മഹായിടവക കോറിസ്റ്റിയേഴ്സ് അസോസിയേഷൻ സെക്രട്ടറി) വചനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. ഗായകസംഘത്തിന്റെ ചിട്ടയായ പ്രവർത്തനങ്ങൾ സഭയ്ക്ക് എന്നും അഭിമാനമാണ്. ഗായകസംഘാംഗങ്ങൾക്ക് നന്മകൾ ആശംസിക്കുന്നു.

**യുവജന ഞായർ**

ഒക്ടോബർ 1-ാം തീയതി ഞായറാഴ്ച യുവജന ഞായറായി മഹായിടവക ആചരിക്കുന്നു. നമ്മുടെ ശാഖയും നൂതനമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ ഉത്സാഹിക്കണം. എല്ലാ യുവജനങ്ങളുടെയും സജീവസാന്നിദ്ധ്യം ആരാധനയിൽ പ്രതീക്ഷിക്കുന്നു.

**സി.എസ്.ഐ. ദിനം**

ദക്ഷിണേൻഡ്യാ സഭയുടെ 70-ാം വാർഷിക ദിനാചരണം സെപ്റ്റംബർ 27-ാം തീയതി ചെന്നൈയിൽവച്ച് വിപുലമായി ആഘോഷിക്കാൻ ക്രമീകരണം ചെയ്തുവരുന്നു. അനുഗ്രഹകരമായ നടത്തിപ്പുകൾക്കായി ഏവരും പ്രാർത്ഥിക്കണമേ.

**ഓണവാരവേല**

ഈ വർഷവും നമ്മുടെ സഭയും മാർത്തോമ്മ, സാൽവേഷൻ ആർമി എന്നീ സഭകളുടെ നേതൃത്വത്തിൽ ഓണവാര സുവിശേഷവേല ഓണ അവധിക്കാലങ്ങളിൽ നടത്തപ്പെടുന്നതാണ്. ഏവരുടെയും പ്രാർത്ഥനയും സഹകരണവും സാമ്പത്തികസഹായവും ആത്മാർത്ഥമായി പ്രതീക്ഷിച്ചുകൊള്ളുന്നു.

**സെന്റ് മോണിക്കാസ് ദിനം**

ഈ വർഷവും സെന്റ് മോണിക്കാസ് ദിനാചരണം സെപ്റ്റംബർ മാസം 9-ാം തീയതി നടത്തപ്പെടുന്നതാണ്. സ്ത്രീജനങ്ങളുടെ സജീവമായ സാന്നിദ്ധ്യവും സാമ്പത്തികസഹായങ്ങളും ആത്മാർത്ഥമായി പ്രതീക്ഷിച്ചുകൊള്ളുന്നു.

**സൺഡേ സ്കൂൾ**

തിരുവല്ല ജില്ല സൺഡേ സ്കൂൾ കലാമേള സെപ്റ്റംബർ 17-ാം തീയതി എഴുത്ത്, വര മത്സരങ്ങൾ തോലശ്ശേരിയിലും 21-ാം തീയതി മറ്റ് മത്സരങ്ങൾ നമ്മുടെ സഭയിൽവച്ചും നടത്തപ്പെടുന്നതാണ്. കൂടാതെ കുന്നന്താനം സി.എസ്.ഐ. സഭയിൽവച്ച് സെപ്റ്റംബർ 29 -ാം തീയതി തിരുവല്ല സോൺ ശിശുവകുപ്പ്, ബാലവകുപ്പ് അദ്ധ്യാപകരുടെ മീറ്റിംഗ് നടത്തപ്പെടുന്നതാണ്.

**വചസ്സ്**

തിരുവല്ല ജില്ല സ്ത്രീജനസഖ്യ വചസ്സ് മീറ്റിംഗ് ഒക്ടോബർ 21-ാം തീയതി ഇരവിപേരൂർ സഭയിൽവെച്ച് നടത്തപ്പെടുന്നതാണ്.

**ജില്ലാ കൂട്ടായ്മ**

ഒക്ടോബർ 28-ാം തീയതി ജില്ലാ കൂട്ടായ്മ പെരുംതുരുത്തി സി.എസ്.ഐ. സഭയിൽ നടത്തപ്പെടുന്നതാണ്. സഭാജനങ്ങളുടെ സജീവ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

**സുവനീർ**

നമ്മുടെ ത്രിതീയ ജൂബിലി സ്മാരക സുവനീർ പ്രസിദ്ധീകരിക്കുവാൻ ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ രചനകൾ പ്രതീക്ഷിക്കുന്നു. പരസ്യങ്ങൾ നല്കുവാൻ ഓരോ കുടുംബങ്ങളും ഉത്സാഹിക്കണം. ഇതിന്റെ പ്രസിദ്ധീകരണത്തിൽ വലിയ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ എത്രയും പെട്ടെന്ന് പരസ്യങ്ങൾ നല്കാൻ ഉത്സാഹിക്കണം.

**പാരിഷ് ഹാൾ**

ത്രിതീയ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പാരിഷ് ഹാളിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നാളിതുവരെ നല്കിയ സഹകരണങ്ങൾക്ക് നന്ദി അറിയിക്കുന്നു. മുപ്പത്തി അഞ്ച് ലക്ഷം രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇപ്പോൾ ലഭ്യമായിരിക്കുന്ന തുകകൾ പണികൾ പൂർത്തീകരിക്കുവാൻ മതിയാകുന്നതല്ല. സഭാജനങ്ങൾ ആവശ്യങ്ങൾ മനസ്സിലാക്കി സംഭാവനകൾ നല്കേണ്ടതാണ്. വാഗ്ദാനം നല്കിയിരിക്കുന്നവരും തുകകൾ നല്കുവാൻ ഉത്സാഹിക്കണം.

**ദശാംശ സമർപ്പണം**

ദൈവസന്നിധിയിൽ ദശാംശം സമർപ്പിക്കണമെന്നത് തിരുവചനം നമ്മെ പഠിപ്പിക്കുന്ന ആത്മീയ പാഠമാണ്. നമ്മുടെ ദശാംശ സമർപ്പണത്തിൽ നാം വിശ്വസ്തത പാലിക്കുന്നുണ്ടോ. ദൈവം നല്കിയ അനുഗ്രഹത്തിനനുസരണമായി, വരുമാനത്തിനനുസരിച്ച് ദശാംശം സമർപ്പിക്കുന്നുവോ എന്ന് വിചിന്തനം ചെയ്യേണം. എന്തെങ്കിലും സമർപ്പിക്കുന്നതും ഒന്നും നല്കാതിരിക്കുന്നതും ഉചിതമായ കാര്യമല്ല. ആയതിനാൽ ദശാംശ സമർപ്പണം കൃത്യമായി നല്കാൻ ഉത്സാഹിക്കണം.

## ഓണവാരവേല (03.09.2017 – 10.09.2017)

**ഉത്ഘാടനം: റവ. ജോബി ജോയി**

(ബിഷപ്പ് ചാപ്ലിൻ, കോട്ടയം)

| | | |
|---|---|---|
| 03.09.2017, 3 p.m | – | കടമാൻകുളം |
| 05.09.2017, 3 p.m | – | മൈലമൺ |
| 10.09.2017, 3 p.m | – | കുന്നന്താനം |

## കൂട്ടായ്മയോഗം
## സെപ്റ്റംബർ – ഒക്ടോബർ 2017

| | | |
|---|---|---|
| 13.09.2017 | – | ജോർജ് ഏബ്രഹാം, തെക്കേക്കുറ്റ് തകിടിയിൽ |
| 20.09.2017 | – | മെർളി മേരി ജേക്കബ്, ഈട്ടിക്കൽ |
| 27.09.2017 | – | ചിന്നമ്മ ഏബ്രഹാം, കാലാപറമ്പിൽ |
| 04.10.2017 | – | റോയി വർഗ്ഗീസ്, വടക്കേമുണ്ടക്കൽ തെക്കേതിൽ |
| 11.10. 2017 | – | ജോൺ വർക്കി, കോട്ടക്കപ്പറമ്പിൽ |
| 18.10.2017 | – | സോമൻ ജോസഫ്, നെല്ലിമൂട്ടിൽ |
| 25.10.2017 | – | ജോർജ് വർഗീസ്, തറികുന്നിൽ |

# 1947 SEPTEMBER 27- A SIGNIFICANT DAY IN OUR LIFE

- United & Formed 1947
- 24 Dioceses

THAT THEY ALL MAY BE ONE
CHURCH OF SOUTH INDIA

- 4 Million Peoples
- 15 Thousand Concreations

The Logo of the Church of South India is an important and significant as the formation of the CSI through the process of unification. The Lotus and the Cross used in the Logo possess a rich cultural history and heritage which will help us in the understanding of the significance of the unification and our call and mission as members of this great and unique church.

The cross represents Jesus' death for us, bringing freedom from sin. The other design in the logo is the lotus flower from India, which is a traditional picture of God being near us. The lotus grows out of mud, like the beauty and purity that can grow in our lives out of Jesus' sacrifice.

The petals of the Lotus and the arms of the Cross are beautifully intertwined together with the fiery tongues of the Holy Spirit. This again is an authentic Indian expression of people's communion with God.

The cross is red (for life) and the lotus is saffron (for holiness).

The words THAT THEY ALL MAY BE ONE, CHURCH OF SOUTH INDIA are embossed in a circle round the Lotus and the Cross. The words are taken from the high priestly prayer of our Lord Jesus Christ who prayed not only for the 'Church' but also for the whole world. This universality is expressed by placing the words in a form of a circle symbolizing not only the universe but also the inclusive nature of the Church.

The imposing central position of the cross in the Logo conveys the idea that the indefatigable, self less supreme sacrifice of Jesus on the cross is the basis of the Church and its faith. The cross runs through the Lotus depicting its cleansing act working in the hearts of the members of the Church and restoring them to the pristine purity of heaven.

The four ends of the cross made of equal size symbolize the equality and also the contextual peaceful co-existence and communal harmony.

If August 15th of 1947 was a red-letter day in the history of our country for on that day was born a free and independent India, September 27th of the same year was another red-letter day in the history of the Christian Churches for on that day was born Church of South India

Church is a complex of personal relationships. Life in the church is life together. It speaks of the qualities that people should possess, their attitude to one another. The symbols, the lotus and the cross, used in the logo of the church possess a rich cultural heritage, which will help us to understand our call and mission.

# ആശംസകൾ.......



**ജനറൽ സെക്രട്ടറി,**
**മഹായിടവക കോറിസ്റ്റേഴ്സ് അസോസിയേഷൻ**

ക്രിസ്തുയേശുവിൽ പ്രിയരേ,

ഈ വർഷവും ഗായകസംഘ ഞായർ കൊണ്ടാടുവാനും പുതിയ ഗായകസംഘാംഗങ്ങളെ പ്രതിഷ്ഠിക്കുവാനും പുനഃപ്രതിഷ്ഠ നടത്തുവാനും കർത്താവു നൽകിക്കൊണ്ടിരിക്കുന്ന കൃപകളെ ഓർത്ത് നമുക്ക് സ്തോത്രം ചെയ്യാം. പരിശുദ്ധാത്മാവിൽ നിറഞ്ഞ് പാടുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

ഈ വർഷത്തെ നമ്മുടെ ഗായകസംഘഞായറിന്റെ ചിന്താവിഷയം "ജീവന്റെ നാഥനെ പാടി ആരാധിക്കാം" എന്നുള്ളതാകുന്നുവല്ലോ.

ആരാധിക്കുന്ന ജനത്തിന് വിടുതലുണ്ട്, സ്തുതിക്കുന്ന ജനത്തിന് സൗഖ്യമുണ്ട്. ജീവിതത്തിലെ ഏത് അവസരത്തിലും സ്തോത്രത്തോടും നന്ദി നിറഞ്ഞ ഹൃദയത്തോടും ജീവന്റെ നാഥനെ പാടി ആരാധിക്കുവാൻ അനുദിനം നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കോട്ടയത്തു നടന്ന ബൈസെന്റിനറി സമാപന സമ്മേളനത്തിൽ ഗാനങ്ങൾ ആലപിച്ചതിനുള്ള പ്രത്യേക നന്ദിയും ഈ അവസരത്തിൽ അറിയിക്കുന്നു.

മുണ്ടിയപ്പള്ളി ഗായകസംഘത്തിന് നന്മകൾ നേർന്നുകൊണ്ട്,

**റവ. മനു ജോസഫ്.**

---



**ജനറൽ സെക്രട്ടറി**
**മഹായിടവക യുവജനപ്രസ്ഥാനം**

മുണ്ടിയപ്പള്ളി സഭയ്ക്ക് ക്രിസ്തുവിന്റെ ധന്യനാമത്തിൽ സ്നേഹവന്ദനം.

"ജീവനുള്ള ദൈവമേ ഞങ്ങളെ പുതുക്കേണമേ, രൂപാന്തരപ്പെടുത്തേണമേ" (Living God renew & transform us) എന്ന പ്രാർത്ഥനയോടെയാണ് ഈ വർഷം യുവജനപ്രസ്ഥാനത്തിന്റെ ചിന്തകളും പ്രവൃത്തികളും ആരംഭിക്കുന്നത്. സമാനതകൾ ഇല്ലാത്ത ദൈവിക ഇടപെടലുകൾക്ക് ഒപ്പം സഞ്ചരിച്ച നമ്മുടെ സഭയും സമൂഹവും ഉത്തരാധുനിക യുഗത്തിൽ (post modern) എത്തിച്ചേർന്നിരിക്കുന്നു. സഭയ്ക്ക് ഇത് 'ജീവന്റെ വർഷമാണ്.' അതുകൊണ്ടുതന്നെ ഏറെ ദൗത്യങ്ങൾ വളരെ കരുതലോടെ നാം ഏറ്റെടുക്കേണ്ടതുണ്ട്. പ്രസംഗകരുടെ നീണ്ട നിരയേക്കാൾ ഉപരി കർമ്മനിരതരായ പ്രവർത്തകരുടെ സാന്നിദ്ധ്യവും പ്രവർത്തനവുമാണ് ഇന്നത്തെ സഭയ്ക്ക് ആവശ്യം. നമ്മുടെ ഓരോ പ്രവൃത്തിയും പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ലയിച്ചാകണം എന്നു മാത്രം.

മദ്ധ്യകേരള മഹായിടവക യുവജനപ്രസ്ഥാനത്തിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങൾക്ക് മുണ്ടിയപ്പള്ളി സെന്റ് സ്റ്റീഫൻസ് സി.എസ്.ഐ. സഭയിൽനിന്നും ലഭിച്ച എല്ലാവിധ പ്രാർത്ഥനയ്ക്കും സഹകരണങ്ങൾക്കും നേതൃത്വത്തിനും ഹൃദയം നിറഞ്ഞ ഭാഷയിൽ നന്ദി അറിയിക്കുന്നു. സഭയുടെ ഊർജ്ജമാകട്ടെ നമ്മുടെ യുവശക്തി. കർമ്മമായി വെളിപ്പെടട്ടെ നമ്മുടെ ദാർശനികത.

എല്ലാവർക്കും ആശംസകൾ... പ്രാർത്ഥനകൾ

**റവ. ഷിബു പി.എൻ**

# സപ്തതിയുടെ നിറവിൽ സി.എസ്.ഐ. സഭ

ഏബ്രഹാം സി. ജോർജ്



സി.എസ്.ഐ. സഭ അതിന്റെ പ്രയാണത്തിന്റെ 70-ാമത് ജന്മദിനം 2017 സെപ്റ്റംബർ മാസം 27-ാം ആഘോഷിക്കുകയാണ്. സഭകളുടെ ഐക്യശുശ്രൂഷ 1947 സെപ്റ്റംബർ മാസം 27-ാം തീയതി മദ്രാസിലെ സെന്റ് ജോർജ്സ് കത്തീഡ്രലിൽവച്ചു നടത്തപ്പെട്ടു. അതിനു നേതൃത്വം കൊടുത്തത് പ്രിസൈഡിംഗ് മോഡറേറ്ററും മദ്ധ്യ കേരള മഹായിടവകയുടെ ബിഷപ്പുമായ റൈറ്റ് റവ. സി. കെ. ജേക്കബ് തിരുമേനിയായിരുന്നു.

ഈ സഭ ഐക്യത്തിലേക്കു നയിച്ചത് 1888ൽ നടന്ന ആംഗ്ലിക്കൻ ബിഷപ്പുമാരുടെ ലാംബത് സമ്മേളനത്തിൽ എടുത്ത തീരുമാനങ്ങൾ ആണ്. ഈ തീരുമാനങ്ങൾ (1) രക്ഷയ്ക്കാവശ്യമായ കാര്യങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. (2) അപ്പൊസ്തലിക് വിശ്വാസപ്രമാണവും നിഖ്യാവിശ്വാസപ്രമാണവും വിശ്വാസത്തിന്റെ അടിസ്ഥാനശിലകളാണ്. (3) ബപ്തിസ്മ, തിരുവത്താഴം എന്നീ രണ്ടു കൂദാശകൾ മാത്രം സ്വീകരിക്കുന്നു. (4) ചരിത്രപരമായ മേൽപ്പട്ടസ്ഥാനം അംഗീകരിക്കുന്നു.

**ദക്ഷിണേൻഡ്യാസഭയുടെ രൂപീകരണം**

"നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും തമ്മിൽ ഒന്നാകേണ്ടതിനു തന്നെ" (യോഹ. 17:21).

സുവിശേഷീകരണത്തിനുവേണ്ടിയുള്ള അതിയായ ധിഷ്ണതയായിരുന്നു സഭാഐക്യത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ സഭാനേതാക്കളിൽ ഉളവാകുവാനുള്ള കാരണം. സുവിശേഷീകരണത്തിന് സഭാഐക്യം ശക്തി പകരുമെന്ന് അവർ വിശ്വസിച്ചു.

1919ൽ ആംഗ്ലിക്കൻ, മെതഡിസ്റ്റ്, പ്രസ്ബിറ്റേറിയൻ, കോൺഗ്രിഗേഷണൽ എന്നീ തെക്കെഇൻഡ്യയിലെ വിവിധ പാരമ്പര്യങ്ങളിൽ നിലനിന്ന 33 പ്രൊട്ടസ്റ്റന്റ് സഭാപിതാക്കന്മാർ ബിഷപ്പ് അസറിയുടെ നേതൃത്വത്തിൽ ഐക്യസഭാ സംഭാഷണത്തിനായി കൂടി. ഈ സമ്മേളനത്തിൽ എടുത്ത തീരുമാനങ്ങൾ:

1. സഭയ്ക്കു കോൺഗ്രിഗേഷണൽ സ്വഭാവം ഉണ്ടായിരിക്കണം.
2. സഭ മുഴുവനായി ദൈവസന്നിധിയിൽ പ്രതിനിധീകരിക്കപ്പെടണം.
3. പ്രെസ്ബിറ്റേറിയൻ സ്വഭാവം സഭയ്ക്കുണ്ടായിരിക്കണം.
4. ഒരു തിരഞ്ഞെടുക്കപ്പെട്ട കൗൺസിൽ സഭയ്ക്കുണ്ടായിരിക്കണം.

അത് സംവിധാനപരവും നിയുക്ത അധികാരങ്ങളോടുകൂടിയതുമായിരിക്കണം.

നിർവ്വാഹകാധികാരത്തോടുകൂടിയ മേൽപ്പട്ടസ്ഥാനം സഭയ്ക്ക് ഉണ്ടായിരിക്കണം. അതോടൊപ്പം ഒരു വിഭാഗത്തിന്റെയും വികാരങ്ങളെ മുറിപ്പെടുത്തുകയോ,

ഏതെങ്കിലും ആരാധനാരീതിയോ, ആചാരരീതിയോ, കർമ്മങ്ങളോ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയും അരുത്.

അങ്ങനെ വ്യത്യസ്ത ആചാരങ്ങൾ ഉള്ള ആംഗ്ലിക്കൻ, മെതഡിസ്റ്റ്, പ്രസ്ബിറ്റേറിയൻ, കോൺഗ്രിഗേഷണൽ എന്നീ തെക്കെഇൻഡ്യയിലെ സഭകൾ ഒരു കുടക്കീഴിൽ, ഒരു പ്ലാറ്റ്ഫോമിൽ ഐക്യത്തിന്റെ സന്ദേശം പകർത്തിക്കൊണ്ട് 1947 സെപ്റ്റംബർ 27-ാം തീയതി ദി ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ രൂപം കൊണ്ടു. പരിശുദ്ധാത്മാവിന്റെ വ്യാപാരശക്തി സഭയിൽ വീണ്ടും അനുഭവമായ ദിവസം. എപ്പിസ്കോപ്പൽ പാരമ്പര്യം ഉള്ളതും ഇല്ലാത്തതുമായ ഐക്യം 28 വർഷത്തെ പഠനത്തിനു––– കാത്തിരിപ്പിന്റെയും ഫലം ആണ്.

**ആരാധന**

ഒരു സഭയുടെ വിശ്വാസപരമായ കാൽവെയ്പ് അഥവാ മുന്നേറ്റം നാം മനസ്സിലാക്കുന്നത് ആ സഭയുടെ ആരാധനാക്രമത്തിലൂടെയാണ്. പുതിയതായി രൂപം പ്രാപിച്ച ദക്ഷിണേൻഡ്യാസഭയുടെ ആരാധനാക്രമം ആകർഷണീയവും ശ്ലാഘനീയവുമാണ്.

ഭാരതസംസ്കാരത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് രൂപം കൊടുത്തതാണ് ആരാധനാക്രമം. ഇതിൽ ദൈവവചനത്തിനു കേന്ദ്രസ്ഥാനമുണ്ട്. 1962ൽ പൊതു ആരാധനാക്രമം നിലവിൽവന്നു. വിശുദ്ധസ്നാനം, സ്ഥിരീകരണ ഉടമ്പടി ശുശ്രൂഷ, വിവാഹ ശുശ്രൂഷ, രാവിലത്തെയും വൈകുന്നേരത്തെയും ആരാധനകൾ തുടങ്ങിയ എല്ലാം അതിൽ ഉൾക്കൊള്ളുന്നു.

സഭയുടെ ആചാരങ്ങളിൽ ഒന്നാം സ്ഥാനം ഈസ്റ്ററിനും അടുത്ത സ്ഥാനം പെന്തക്കോസ്തിനുമാണ്. ഈസ്റ്റർ കഴിഞ്ഞു 40-ാം ദിവസമാണു സ്വർഗ്ഗാരോഹണം. ഈസ്റ്ററിന് തൊട്ടുമുൻപുള്ള 7-ാം ഞായറാഴ്ചയെ 50-ാം ഞായർ എന്നു പറയുന്നു. 50-ാം ഞായർ കഴിഞ്ഞുവരുന്ന ബുധനാഴ്ചയാണു നോമ്പിന്റെ ആരംഭദിനമായ ചാമ്പൽ ബുധൻ. ചാമ്പൽ ബുധനാഴ്ച മുതലാണു വലിയനോമ്പ് ആരംഭിക്കുന്നത്.

വിശുദ്ധ ബപ്തിസ്മയും കർത്താവിന്റെ അത്താഴവുമാണ് സി.എസ്.ഐ. സഭയുടെ രണ്ടു സാക്രമെന്തുകൾ. ശിശുസ്നാനമാണു സഭ സ്വീകരിച്ചിരിക്കുന്നത്. സ്ഥിരികരണ ശുശ്രൂഷയിൽ കൂടി സഭയുടെ പൂർണ്ണ അംഗത്വത്തിലേക്കു പ്രവേശിക്കുന്നു.

**മേൽഅദ്ധ്യക്ഷ സ്ഥാനം**

മറ്റു സഭകളിൽനിന്നു വ്യത്യസ്തമാണു സി.എസ്.ഐ. സഭയിലെ മേൽഅദ്ധ്യക്ഷ സ്ഥാനം. മഹായിടവക കൗൺസിൽ ഒരു പാനൽ തയ്യാറാക്കുന്നു. ഈ പാനലിൽനിന്നു സഭാ സിനഡ് എക്സിക്യൂട്ടീവ് നിയമിക്കുന്ന ഒരു കമ്മറ്റി ഒരാളെ ബിഷപ്പായി തിരഞ്ഞെടുക്കുന്നു. ജനങ്ങൾ പാനൽ തിരഞ്ഞെടുക്കുന്നതുവഴി ജനാധിപത്യ വ്യവസ്ഥിതിയും പാനലിൽനിന്നു സിനഡ് ഒരാളെ തിരഞ്ഞെടുക്കുന്നതുവഴി മോണാർക്കി സംവിധാനവും നിലനില്ക്കുന്നു.

ഇതര സഭകളിൽനിന്ന് സി.എസ്.ഐ. സഭ വളരെ ജനകീയമാണ്.

സ്ത്രീകൾക്കു പട്ടത്വം നൽകുന്നു. സ്ത്രീ പട്ടക്കാരിൽനിന്നു ബിഷപ്പിനെ തിരഞ്ഞെടുക്കുന്നു. 2013ൽ ഇർഗോണി പുഷ്പലതയെ സഭയിലെ ആദ്യത്തെ വനിത ബിഷപ്പായി അഭിഷേകം ചെയ്തു. ഭാരത ക്രിസ്തീയ സഭകളുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി ഇതു മാറി.

**ഭരണഘടന**

സി.എസ്.ഐ. സഭയ്ക്കു ഒരു പൊതു ഭരണഘടനയാണ്. എന്നാൽ ഓരോ മഹായിടവകയ്ക്കും കേന്ദ്രഭരണഘടനയ്ക്കു വിധേയമായി അവരവരുടേതായ ഭരണഘടന ഉണ്ട്. സഭയുടെ പരമോന്നത ഭരണസമിതി സിനഡാണ്. സിനഡിന്റെ ആസ്ഥാനം മദ്രാസിലാണ്. സിനഡിന്റെയും ദക്ഷിണേൻഡ്യാസഭയുടെയും പരമാധികാരി മോഡറേറ്റർ ആണ്. ഇപ്പോഴത്തെ മോഡറേറ്റർ നമ്മുടെ ബിഷപ്പ് മോസ്റ്റ് റവ. തോമസ് കെ. ഉമ്മൻ തിരുമേനിയാണ്. ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ ട്രസ്റ്റ് അസോസിയേഷന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് സി.എസ്.ഐ. സഭയിലെ എല്ലാ മഹായിടവകയും ഭരണം നടത്തുന്നത്.

**സ്ഥാപനങ്ങൾ**

ഇപ്പോഴത്തെ കണക്കിൻപ്രകാരം

| | | | |
|---|---|---|---|
| മഹായിടവക | - 24 | മെഡിക്കൽ കോളേജുകൾ | - 2 |
| ഇടവകകൾ | - 15000 | ഹോസ്പിറ്റലുകൾ | - 195 |
| അംഗസംഖ്യ | - 40 ലക്ഷം | ബോർഡിംഗ് ഹോമുകൾ | - 525 |
| കോളേജുകൾ | - 94 | സ്കൂളുകൾ | - 1869 |
| എൻജിനീയറിംഗ് കോളേജുകൾ | - 5 | | |

ദക്ഷിണേൻഡ്യാസഭയ്ക്ക് ആംഗ്ലിക്കൻ കൺസൾട്ടേറ്റീവ് കൗൺസിൽ, വേൾഡ മെതഡിസ്റ്റ് കൗൺസിൽ, കൗൺസിൽ ഓഫ് വേൾഡ് വിഷൻ, വേൾഡ് അലയൻസ് ഓഫ് റിഫോംഡ് ചർച്ചസ്, എൻ.സി.സി.ഐ., ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇൻഡ്യ എന്നീ സംഘടനകളിൽ അംഗങ്ങളുണ്ട്. കൂടാതെ സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകൾ ഒന്നുചേർന്നു ഒരു ഐക്യസഭയായി, എന്നാൽ ഓരോ സഭയുടെയും വ്യക്തിത്വം നിലനിർത്തിക്കൊണ്ടു പ്രവർത്തിക്കുന്നു.

മനുഷ്യന്റെയും ആത്മാവിന്റെയും ശരീരത്തിന്റെയും രക്ഷയായിരുന്നു നമ്മുടെ മിഷനറിമാരുടെ ലക്ഷ്യം. ക്രിസ്ത്യാനികളോടും അക്രൈസ്തവരോടും ധനവാന്മാരോടും ദരിദ്രന്മാരോടും മിഷനറിമാർ ആത്മാവിന്റെ രക്ഷയപ്പറ്റി സംസാരിച്ചു. ഏതു ത്യാഗവും സഹിക്കുവാൻ അവർ തയ്യാറായി. അതിന്റെ ഫലമായി പ്രൊട്ടസ്റ്റന്റ് സഭ വളരുകയും ഇന്നു ഇൻഡ്യയിൽ ഏറ്റവും വലിയ പ്രൊട്ടസ്റ്റന്റ് സഭയായി ദക്ഷിണേൻഡ്യാസഭ തീരുകയും ചെയ്തു. ഈ മിഷനറിമാരുടെ ദൗത്യം നാം നിറവേറ്റുന്നുണ്ടോ.

70-ാം വയസ്സിലേക്കു പ്രവേശിച്ച ദക്ഷിണേൻഡ്യാസഭയ്ക്കു അതിന്റെ വളർച്ചയിൽ എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

# Church Choir, the Tone of Worship....

**Renu Elza Varkey**

"തിരുനാമ കീർത്തനം പാടുവനല്ലെങ്കിൽ
നാവെനിക്കെന്തിനു നാഥാ...."



Imagine a Sunday Worship without choir. A Christmas Eve without a carol service. A wedding or funeral without choir singing. You may say that there was a time there was no choir, where our generation had sung and worshipped the Lord. Yes, an organized form of choir has claimed a significant role in our churches much later, but music as a form of worship was always there from the beginning ages of worship. Music and worship are inseparable, and it is not just limited to our CSI denomination or Christianity but in any religion and cult. While, as Christians believe that there existed 'Word' before everything, according to Hinduism it's the sound 'Om' which existed before creation.

From the Old Testament, throughout the Bible, there is a noticeable importance given to choir. The Heavenly Father's mighty abode is never complete without the presence of the angelic choir. The Cherubim and Seraphim singing praises, playing the harp and lyre leading the Heavenly orchestra cannot be imagined without a bliss. The symphony of praises, Glories and Halleluiahs echoing from the corridors of the Heavenly Kingdom, choir is the replica of the same in the church worships. It's the connecting link between the Priests in the Altar and the congregation, as I vaguely remember being mentioned in a Choir Sunday sermon some years back. Choir members are ought to be the reflection of the Angels singing praises in High. There's nothing wrong if a

choir member says, s/he only knows to pray through songs. Prayers through music starts from deep inside and are able to be heard aloud.

While understanding "choir," we should always remember that it's not like any other organisation or movement of the church. Only dedicated and committed group of choir members can serve the purpose which is bestowed upon them. While running behind the name, fame and trend, it's said to witness that choir in general is losing its meaning and forgetting the purpose as an integral part of the Church body. Choir is not a place to showcase anyone's individual talents, but a collective effort of learning which brings forth the harmony, avoiding the discord.

A personal note on St. Stephen's C.S.I. Church Choir, Mundiappally. It's after two decades of ongoing experience as part of our choir, I am penning down something about my choral experience. From 1997, it's been an amazing journey throughout, with our choir which is more like a family fellowship and till date I have not come across an equivalent experience, not in terms of talent, but in terms of the harmony we all share. The concrete basis of worship which I have inherited from this choir has helped me strive through the darkest of all those phase of lie. It might seem to be just a routine to be part of choir when you are in your hometown, but once you are out of your 'pampered world' and start facing the challenges, you would know what you have gained from the fellowship.

Let the Choir Sunday be a thanksgiving opportunity for all of us (choir members), remembering the ways in which God has led us through thick and thin. I personally thank all those amazing choir masters and organists who have served our church choir all these years, who have helped us all nurture our talents, keeping the fellowship and harmony we share intact. Let our choir continue to be a blessing in the years to come not just for our community, but also reflect through our lives wherever we travel as individuals too. God bless.

# ജീവനുള്ള ദൈവമേ ഞങ്ങളെ പുതുക്കണമേ

**സൂരജ് ഏബ്രഹാം കുളങ്ങര**



''ജീവനുള്ള ദൈവമേ ഞങ്ങളെ പുതുക്കണമേ, രൂപാന്തരപ്പെടുത്തണമേ,'' നൂറു വർഷം പിന്നിടുന്ന നമ്മുടെ മഹായിടവക യുവജനപ്രസ്ഥാനം ഈ വർഷത്തെ ചിന്തയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്ന വിഷയമാണ് മുനുദ്ധരിച്ചത്. ക്രൈസ്തവ വിശ്വാസ നവോത്ഥാനം മാർട്ടിൻ ലൂതറിന്റെ നേതൃത്വത്തിൽ നടന്നിട്ട് അഞ്ഞൂറാം വാർഷിക ആഘോഷിക്കുന്ന ഈ വേളയിൽ നവോത്ഥാന സഭകൾ ഏവരുടെയും ചിന്തയ്ക്കായി World Communion of Reformed Churches മുന്നോട്ടുവയ്ക്കുന്ന ആശയം കൂടി ആണ് ഈ വിഷയം. ഇതിനെ വെറും ഒരു ചിന്താവിഷയം എന്നതിലുപരി ഒരു പ്രാർത്ഥനയായി വേണം ക്രൈസ്തവ വിശ്വാസികളായ നാം ഓരോരുത്തരും കാണേണ്ടത്.

ജീവൻ എന്നുള്ളത് ദൈവികതയിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതും ദൈവത്തിൽനിന്ന് മാത്രം പ്രാപിക്കുന്നതുമായ ഒരു സവിശേഷതയാണ്. പഴയനിയമത്തിൽ യിസ്രായേൽമക്കളോട് മോശ അടക്കമുള്ള പ്രവാചകന്മാർ അവർ സേവിക്കുന്നത് ജീവനില്ലാത്ത വിഗ്രഹങ്ങളെ അല്ലെന്നും ജീവനും വിശുദ്ധിയും ഉള്ള ഒരു ഭയങ്കര ദൈവത്തെ ആണെന്നും ഉള്ള വസ്തുത പലപ്പോഴും ആവർത്തിച്ചു പറഞ്ഞു മനസ്സിലാക്കുന്നതായി നമുക്ക് കാണാൻ കഴിയും (ആവ. 5:26). അങ്ങനെ ഒരു ദൈവത്തിനു മാത്രമേ തന്നിൽ ആശ്രയിക്കുന്നവരെ അല്ലെങ്കിൽ തന്നോട് അപേക്ഷിക്കുന്നവരെ രൂപാന്തരപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. കാരണം പ്രവൃത്തി എന്നത് ജീവനുള്ള ഒന്നിന്റെ സവിശേഷതയാണ്. ആദിമപിതാവായ ആദാമിന്റെ പാപത്തിലൂടെ നമുക്ക് നഷ്ടമായ നിത്യജീവന്റെ പ്രത്യാശ നമുക്ക് മടക്കി തന്നുകൊണ്ട് നമ്മുടെ കർത്താവും രക്ഷിതാവുമായ ക്രിസ്തു മാനവികതയ്ക്ക് ആത്മീയതയുടെയും സാമൂഹിക ധർമ്മവ്യവസ്ഥിതിയുടെയും നവീന വീക്ഷണങ്ങൾ

തുറന്നുനൽകുകയായിരുന്നു. തന്റെ കാൽവരി മരണത്തിലൂടെ നിരപ്പിന്റെ സന്ദേശം ഉറക്കെ പ്രസ്താവിച്ച ദൈവപുത്രന് ഇനി മേൽ തന്നിൽ ആശ്രയിക്കുന്ന വരും ജീവനുള്ളവരാണെന്നും സൃഷ്ടിയുടെ പൂർണ്ണത സമ്പൂർണ്ണമാക്കുന്ന ഈ ജീവൻ നമ്മിൽ വസിക്കുന്നു എന്നും അരുളിച്ചെയ്യുന്നുണ്ട്. എന്നാൽ ഇന്ന് വിശ്വാസികളടക്കമുള്ള പലരും ജീവച്ഛവങ്ങളായി ആത്മീ കവും സാമൂഹികവുമായ ചൂഷണ ങ്ങൾക്ക് വിധേയപ്പെട്ടു നിഷ്ക്രി യരായി ഇരിക്കുന്നതു കാണു മ്പോൾ ഈ ജീവന്റെ സന്തോഷം നാം ഇന്ന് പൂർണ്ണമായി ഉൾക്കൊ ള്ളുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടി യിരിക്കുന്നു? രക്തസാക്ഷിത്വം വരിച്ച യുവമിഷനറി ആയിരുന്ന ജിം എലിയറ്റ് ഇങ്ങനെ പറഞ്ഞി രുന്നു "Forgive me for being so ordinary while claiming to know so extraordinary a God." അതു കൊണ്ട് വിശ്വാസികൾ എന്നു പറ യുന്ന നാം നമ്മെ തന്നെ ശോധന ചെയ്തു "ജീവനുള്ള ദൈവമേ നീ വാഗ്ദാനം ചെയ്ത ജീവൻ ഇന്ന് നീ ആഗ്രഹിക്കുന്ന രീതിയിൽ എന്നിൽ ക്രിയ ചെയ്യുന്നുണ്ടോ?" എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഇല്ലെന്നു തോന്നുന്നു എങ്കിൽ ഒരു രൂപാന്തരത്തിനായി അവനോ ടപേക്ഷിക്കാം.

ദൈവിക ദർശനം ലഭിച്ച ഒരു ജനവിഭാഗത്തിന്റെ ഒഴിച്ചുകൂ ടാനാവാത്ത സവിശേഷതകളിൽ ഒന്നാണ് രൂപാന്തരം എന്നുള്ളത്. അവർ അവരുടെ പഴയ വഴികളെ ത്യജിച്ചവർ ആയിരിക്കും. പ്രവാച കനായ യോനാ നീനവെയിലെ ജനത്തോട് അവരുടെ അകൃത്യ ങ്ങളെ സംബന്ധിച്ച് സംസാരിച്ച പ്പോൾ അവർക്കൊരു വലിയ രൂപാന്തരം ഉണ്ടായതായി നാം കാണുന്നു യോനാ 3:10ൽ അവർ അവരുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതി രിഞ്ഞു എന്നും യഹോവയായ ദൈവം അവരോട് കരുണ കാണിച്ചു എന്നും വായിക്കുന്നു. രൂപാന്തരത്തിന്റെ പരിണിത ഫല മാണ് പുതുക്കം എന്നുള്ളത്. ദൈവം ഒരു വ്യക്തിയെ രൂപാന്ത രപ്പെടുത്തുന്നതിലൂടെ അവൻ ആത്മികവും സാമൂഹികവുമായ പുതുക്കമാണ് ഉദ്ദേശിക്കുന്നത്. ആ പുതുക്കം ദൈവിക പദ്ധതിയോട് അനുരൂപപ്പെടുന്നതും സാഹചര്യ ങ്ങളെ രക്ഷിതാവായ ക്രിസ്തു ഏവണ്ണം സമീപിച്ചേക്കുമോ ആ വിധം സമീപിക്കുന്നതുമാണ്.

ഇന്ന് പ്രധാനമായും നാം ഓരോരുത്തർക്കും ഒരു രൂപാന്ത രവും പുതുക്കവും വേണ്ടത് പ്രധാ നമായും മൂന്നു മേഖലകളിൽ ആണ്.

ഒന്നാമതായി ദൈവവുമായുള്ള

വ്യക്തിപരമായ ബന്ധത്തിലും ആരാധനയിലും

ആദിമ നൂറ്റാണ്ടിലെ ക്രൈസ്തവസഭയ്ക്ക് അവരുടെ ഇല്ലായ്മകളിലും ഉണ്ടായിരുന്ന ഒന്ന് ദൈവവുമായുള്ള ഒരു ദൃഢബന്ധമായിരുന്നു. ധൈര്യസമേതം അവർക്കു, ഞങ്ങൾക്കുള്ളത് നസ്രായനായ ക്രിസ്തുവിനെ ആണ് എന്ന് പറയാൻ കഴിഞ്ഞിരുന്നു (അ.പ്ര. 3:6). എന്നാൽ ഇന്ന് വിശ്വാസ സമൂഹം നാമധേയ ക്രിസ്ത്യാനികളായി ഒതുങ്ങിക്കൂടുമ്പോൾ ഒരു വിശ്വാസി എന്ന നിലയിൽ നമുക്ക് ഈ ബന്ധത്തിലും ആരാധനയിലും വിശ്വസ്തരായിരിക്കുവാൻ സാധിക്കുന്നുണ്ടോ? യെഹിസ്കിയാവ് രാജാവ് ആലയത്തിലെ ആരാധന പുനഃസ്ഥാപിച്ചപ്പോൾ യഹോവയോട് അനുതപിച്ചതു പോലെ അനുതപിച്ചു നമുക്കും അവങ്കലേക്ക് മടങ്ങാം (2ദിന. 29:1-7). ഇതിനു നമ്മെ സഹായിക്കുന്ന ഒരു ഘടകം വചനധ്യാനവും പഠനവുമാണ്. എന്നാൽ ഇന്ന് തിരക്കാണെന്നുള്ള ഒരു ഒഴിവ്കഴിവ് പറഞ്ഞു നാം ഇതിനുള്ള സാദ്ധ്യതകളിൽനിന്ന് മാറിനില്ക്കുന്നു. ഈ മേഖലകളിൽ ഞങ്ങൾക്കൊരു രൂപാന്തരം തരണമേ എന്ന് നമുക്ക് അപേക്ഷിക്കാം.

രണ്ടാമതായി നമ്മുടെ ബന്ധങ്ങളിൽ

ക്രൈസ്തവസാക്ഷ്യം സ്നേഹത്തിന്റെയും ക്ഷമയുടെയും മാതൃകയാണ്. അതുകൊണ്ടാണ് 1യോഹ. 4:20ൽ വചനം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ അദൃശ്യനായ ദൈവത്തെ ഏവിധം സ്നേഹിക്കുന്നു എന്നവകാശപ്പെടും എന്നു ചോദിക്കുന്നത്. വിശുദ്ധ സംസർഗ്ഗമേശയെ സമീപിക്കുന്ന ഓരോ വ്യക്തിയും ദൈവത്തോടും സഹോദരരോടും നിരപ്പ് പ്രാപിച്ചവർ ആയിരിക്കണം എന്നും വചനം അതിനാൽ അനുശാസിക്കുന്നു. തന്നെ ഉപദ്രവിച്ചവരോടും നിഷ്കരുണം നിന്ദിച്ചവരോടും ക്ഷമിച്ചുകൊണ്ട് ക്ഷമിക്കാൻ പ്രയാസമില്ല എന്ന് കാണിച്ച ഒരു ദൈവമാണ് നമുക്കുള്ളത്. ഇതേ പാത പിൻപറ്റി തങ്ങളുടെ മരണവിധിയെ സമീപിച്ചവർ ആയിരുന്നു ആദിമഅപ്പൊസ്തലർ. തന്റെ ഭർത്താവിനെയും രണ്ടു പിഞ്ചുകുഞ്ഞുങ്ങളെയും ജീവനോടെ ചുട്ടെരിച്ചവരോട് ക്ഷമിച്ച ഒറീസ്സയിൽ മിഷനറി ആയിരുന്ന ഗ്രഹാം സ്റ്റെയിൻസിന്റെ സഹധർമ്മിണി ഇതിൽനിന്നും ജീവിക്കുന്ന ഒരു സാക്ഷ്യമാണ്. നമ്മുടെ ബന്ധങ്ങളിൽ നാം ഈ രൂപാന്തരവും പുതുക്കവും ആർജ്ജിച്ചിട്ടുണ്ടോ?

മൂന്നാമതായി നമ്മുടെ സാമൂഹ്യ പ്രതിബദ്ധതയിൽ

ക്രിസ്തുവിനെ ഇന്നും ലോകം കണ്ടിട്ടുള്ളവരിൽവെച്ചേറ്റവും വലിയ ഒരു വിമോചകനായിട്ട് ആണ് ചരിത്രം പരിചയപ്പെടുത്തുന്നത്. അടിച്ചമർത്തപ്പെട്ടവന്റെയും പാർശ്വവത്ക്കരിക്കപ്പെട്ടവന്റെയും പ്രശ്നങ്ങളും സാഹചര്യങ്ങളും മനസ്സിലാക്കിയവനാണ് നമ്മുടെ കർത്താവ്. പാപിനിയായ സ്ത്രീയെ കല്ലേറിൽനിന്നു വിടുവിച്ചപ്പോഴും വരണ്ട കയ്യുള്ള മനുഷ്യനെ ശബ്ബത്തിൽ സൗഖ്യമാക്കിയപ്പോഴും എല്ലാം മനുഷ്യജീവൻ എഴുതപ്പെട്ട നിയമങ്ങളേക്കാൾ വില ഉണ്ടെന്നവൻ നിശ്ശബ്ദമായി പ്രഖ്യാപിക്കുകയായിരുന്നു. അവൻ മനസ്സലിഞ്ഞു അവരുടെ രോഗികളെ സൗഖ്യമാക്കി എന്നാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടാണ് ഒരിക്കൽ പരീശപ്രമാണിയായിരുന്ന പൗലൊസ് ക്രിസ്തുവിനെ കണ്ടെത്തിയശേഷം ധൈര്യസമേതം ഗലാത്യർ 3:28ൽ ഇനി നാം എല്ലാവരും ഒന്ന് എന്നു വിളിച്ചു പറയുന്നത്. ഈ സാമൂഹിക പ്രതിബദ്ധത ഉൾക്കൊണ്ട സുവിശേഷമാണ് ആഗോള അടിമക്കച്ചവടത്തിനു തടയിട്ടതും മാനവികതയിൽ ഊന്നിയ സാമൂഹിക വ്യവസ്ഥിതിക്കു ആരംഭം കുറിച്ചതും 1527ൽ പടർന്നുപിടിച്ച പ്ലേഗ് ബാധയുടെ മദ്ധ്യത്തിൽ തന്റെ ഉറ്റവർ തന്നെ വിട്ടുപിരിഞ്ഞപ്പോഴും കത്തോലിക്ക സഭയുടെ നിരന്തരമായ ഉപദ്രവത്തിലും കൃപയിൽ അധിഷ്ഠിതമായ ഒരു ദൈവശാസ്ത്രത്തിനുവേണ്ടി നിലകൊണ്ട്, ജന്മിവ്യവസ്ഥയെ തോല്പിച്ച് ലിംഗവിവേചനത്തെ ജയിക്കാൻ അന്ന് മാർട്ടിൻ ലൂഥർ എന്ന ദൈവദാസന് സാധിച്ചത് ഈ പ്രതിബദ്ധതയെ തിരിച്ചറിഞ്ഞതുകൊണ്ടാണ്. എന്നാൽ ഇന്ന് അടിച്ചമർത്തപ്പെടുന്നവന്റെ ശബ്ദമാവാൻ നമുക്ക് സാധിക്കുന്നുണ്ടോ? കരയുന്നവന്റെ കണ്ണീരൊപ്പാൻ നമ്മുടെ കൈകൾ നീളുന്നുണ്ടോ? നമുക്ക് ഒരു രൂപാന്തരത്തിനും പുതുക്കത്തിനും ആയി പ്രാർത്ഥിക്കാം.

